പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.3518 — 14.10.2011 - ലെ മറുപടിക്ക്

## നിയമസഭാ കോംപ്ലക്സിന്റെ ബിൽഡിംഗ് ടാക്സിനത്തിൽ കുടിശ്ശിക

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.വി.പി.സജീന്ദ്രൻ | ശ്രീ.പി.കെ.കുഞ്ഞാലികുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| എ) നിയമസഭാ കോംപ്ലക്സിന്റെ ബിൽഡിംഗ് ടാക്സിനത്തിൽ എത്ര വർഷത്തെ കുടിശ്ശിക ലഭിക്കുവാനുണ്ട് എന്ന് കാണിച്ചാണ് കോർപ്പറേഷൻ നോട്ടീസ് നൽകിയത് ; ഇത് സംബന്ധിച്ച നോട്ടീസ് എന്നാണ് ആദ്യമായി നൽകിയത് ; | എ) നിയമസഭാ കോംപ്ലക്സിന്റെ കെട്ടിട നികുതിയിനത്തിൽ 1985-86 രണ്ടാം അർദ്ധ വർഷം മുതൽ 2010-11 രണ്ടാം അർദ്ധവർഷം വരെയുള്ളതും അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന് 1995-96 രണ്ടാം അർദ്ധ വർഷം മുതൽ 2010-11 രണ്ടാം അർദ്ധ വർഷം വരെയുള്ളതും ലഭിക്കാനുണ്ടെന്ന് കാണിച്ചാണ് നഗരസഭ നോട്ടീസ് നൽകിയത്. 17.06.2011-നാണ് നഗരസഭ നോട്ടീസ് നൽകിയത്. |
| ബി) ടാക്സ് അസസ് ചെയ്ത രീതി തെറ്റാണെന്ന പരാതി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; എങ്കിൽ തെറ്റായ രീതിയിൽ അസസ്മെന്റ് നടത്തി നോട്ടീസ് നൽകുവാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ ; തെറ്റായ രീതിയിൽ ടാക്സ് അസസ് ചെയ്ത ബന്ധപ്പെട്ട ജീവനക്കാർ ക്കെതിരെ നടപടി സ്വീകരിക്കുമോ ; | ബി) ഉണ്ട്.<br>പരാതി പരിശോധിച്ച് വരുന്നു. 1999-ലെ കേരള മുൻസിപ്പിലാറ്റി ബിൽഡിംഗ് റൂൾസിലെ റൂൾ 7 (2) പ്രകാരം നിയമസഭാ മന്ദിരത്തിന്റെ ലേ-ഔട്ട് നിർമ്മാണം ബിൽഡിംഗ് റൂൾസിന് വിധേയമാണെന്ന സാക്ഷ്യപത്രം സഹിതം നിയമസഭാ സെക്രട്ടറിയേറ്റ് നൽകേണ്ടിയിരുന്ന അപേക്ഷ ലഭിക്കാത്തതിനാൽ നഗരസഭ അസസ്മെന്റ് സംബന്ധിച്ച് സ്വമേധയാ നടപടി സ്വീകരിച്ചു. അസസ്മെന്റ് നടത്തിയതിൽ ആക്ഷേപമുള്ള പക്ഷം റിവിഷൻ ഹർജി നൽകാൻ വ്യവസ്ഥയുള്ളതിനാൽ ജീവനക്കാർ ക്കെതിരെ നടപടി സ്വീകരിക്കേണ്ട സാഹചര്യം നിലവിലില്ല. |
| സി) ഒരു കെട്ടിടത്തിന്റെ ടാക്സ് കൃത്യസമയത്ത് അസസ് ചെയ്തു നല്കിയില്ലെങ്കിൽ കുടിശ്ശിക മൂന്ന് വർഷത്തിന് പിറകോട്ട് ഈടാക്കുവാൻ കഴിയില്ല എന്ന് കോടതി വിധി നിലവിലുണ്ടോ ; എങ്കിൽ അതിന്റെ കോപ്പി ലഭ്യമാക്കുമോ ? | സി) കോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ